REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 23-06-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

1. പതിനെട്ടാം ലോക്സഭയുടെ ആദ്യ സമ്മേളനം നാളെ ആരംഭിക്കും. സ്പീക്കറെ ബുധനാഴ്ച തിരഞ്ഞെടുക്കും.
2. ബയോമെട്രിക് അടിസ്ഥാനമാക്കി ആധാർ ഓതന്റിക്കേഷൻ അഖിലേന്ത്യാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ GST കൗൺസിൽ യോഗം തീരുമാനിച്ചു.
3. ഇന്നത്തെ നീറ്റ്-പിജി പ്രവേശന പരീക്ഷ മാറ്റിവച്ചു.
4. ഒ ആർ കേളു മന്ത്രിയായി ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.
5. സംസ്ഥാനത്ത് ഇന്ന് തീവ്ര മഴയ്ക്ക് സാധ്യത. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു.
6. ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ബംഗ്ലാദേശിനെ പരാജയപ്പെടുത്തിയ ഇന്ത്യ സെമിസാധ്യത നിലനിർത്തി.

## വാർത്തകൾ വിശദമായി

പതിനെട്ടാം ലോക്സഭയുടെ ആദ്യ സമ്മേളനം നാളെ ആരംഭിക്കും. ആദ്യ രണ്ടു ദിവസങ്ങളിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ നടക്കും. പ്രോടെം സ്പീക്കറായി നിയമിതനായ മുതിർന്ന BJP എംപി ഭർതൃഹരി മഹ്താബ് സത്യവാചകം ചൊല്ലിക്കൊടുക്കും. പുതിയ ലോക്സഭാ സ്പീക്കറെ ബുധനാഴ്ച തിരഞ്ഞെടുക്കും. രാജ്യസഭാ സമ്മേളനം ആരംഭിക്കുന്ന വ്യാഴാഴ്ച രാഷ്ട്രപതി ദ്രൗപതി മുർമു ഇരു സഭകളുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യും. പാർലമെന്റ് സമ്മേളനം അടുത്ത മാസം മൂന്നിന് സമാപിക്കും.

✪✪✪

**ബാരാമുള്ള ലോക്സഭാ സീറ്റിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട റാഷിദ് എഞ്ചിനീയർ സത്യപ്രതിജ്ഞ ചെയ്യാൻ സമർപ്പിച്ച ജാമ്യാപേക്ഷയിൽ ദേശീയ അന്വേഷണ ഏജൻസിക്ക് മറുപടി നൽകാൻ ഡൽഹി പട്യാല ഹൗസ് കോടതി സമയം അനുവദിച്ചു. ഇദ്ദേഹം ഇപ്പോൾ NIA കേസിൽ കസ്റ്റഡിയിലാണ്.**

**എംപിയായി സത്യപ്രതിജ്ഞ ചെയ്യാൻ ഇടക്കാല ജാമ്യമോ കസ്റ്റഡി പരോളോ ആവശ്യപ്പെട്ടാണ് റാഷീദ് കോടതിയെ സമീപിച്ചത്.**

✪✪✪

**ബയോമെട്രിക് അടിസ്ഥാനമാക്കി ആധാർ ഓതന്റിക്കേഷൻ അഖിലേന്ത്യാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ന്യൂഡൽഹിയിൽ ചേർന്ന 53-ാമത് GST കൗൺസിൽ യോഗം തീരുമാനിച്ചു. വ്യാജ ഇൻവോയ്സുകളിലൂടെ ഇൻപുട്ട് ടാക്സ് ക്രഡിറ്റ് അവകാശപ്പെടുന്നത് ചെറുക്കാൻ ഇത് ഗവൺമെന്റിനെ സഹായിക്കും. സ്റ്റീൽ, ഇരുമ്പ്, അലുമിനിയം പാൽ ക്യാനുകൾക്ക് 12 ശതമാനം ഏകീകൃത നികുതി ഏർപ്പെടുത്താനും യോഗം ശുപാർശ ചെയ്തു. കാർട്ടൺ ബോക്സുകളുടെയും, കോറഗേറ്റഡ്, നോൺ കോറഗേറ്റഡ് പേപ്പറിന്റെയും പേപ്പർബോർഡിന്റെയും കെയ്സുകളുടെ GST നിരക്കുകൾ 12 ശതമാനമായി കുറയ്ക്കാനും യോഗം തീരുമാനിച്ചു.**

**ഡെസ്ക്ക് റിപ്പോർട്ട്**

**.....(വോയ്സ്).....**

**പ്ലാറ്റ്ഫോം ടിക്കറ്റ് , റിട്ടയർ റൂമുകൾ, കാത്തിരിപ്പ് മുറികൾ എന്നിവ ഉൾപ്പെടെ റെയിൽവെ സേവനങ്ങൾക്ക് GST ഒഴിവാക്കാനും യോഗം തീരുമാനിച്ചതായി GST കൗൺസിൽ യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കവെ ധനമന്ത്രി നിർമ്മല സീതാരാമൻ അറിയിച്ചു. ബാറ്ററിയിൽ പ്രവർത്തിക്കുന്ന കാർ സേവനങ്ങളെയും GSTയിൽ നിന്ന് ഒഴിവാക്കും.**

**ചെറുകിട നികുതിദായകരെ സഹായിക്കുന്നതിനായി, GST-R-ജിഎസ്ടിആർ-4 ഫോമിൽ വിശദാംശങ്ങളും റിട്ടേണുകളും നൽകുന്നതിനു സമയപരിധി ഏപ്രിൽ 30 മുതൽ ജൂൺ 30 വരെ നീട്ടാൻ കൗൺസിൽ ശുപാർശ ചെയ്തതായി ധനമന്ത്രി പറഞ്ഞു.**

വഞ്ചന, അടിച്ചമർത്തൽ, തെറ്റിദ്ധാരണകൾ എന്നിവ ഉൾപ്പെടാത്ത കേസുകൾ ഉൾപ്പെടെ, ജിഎസ്ടി നിയമത്തിലെ സെക്ഷൻ 73 പ്രകാരം നൽകിയ ഡിമാൻഡ് നോട്ടീസുകൾക്ക് പലിശയും പിഴയും ഒഴിവാക്കണമെന്ന് ജിഎസ്ടി കൗൺസിൽ ശുപാർശ ചെയ്തിട്ടുണ്ടെന്നും സീതാരാമൻ അറിയിച്ചു.

ഗവൺമെന്റ് വ്യവഹാരങ്ങൾ കുറയ്ക്കുന്നതിന്, GST അപ്പീൽ ട്രിബ്യൂണലിന് 20 ലക്ഷം രൂപയും ഹൈക്കോടതിക്ക് ഒരു കോടി രൂപയും വകുപ്പിന്റെ അപ്പീലുകൾ ഫയൽ ചെയ്യുന്നതിന് സുപ്രീം കോടതിക്ക് രണ്ട് കോടി രൂപയും സാമ്പത്തിക പരിധി കൗൺസിൽ ശിപാർശ ചെയ്തതായി മന്ത്രി അറിയിച്ചു.

✪✪✪

ഇന്ന് നടത്താനിരുന്ന നീറ്റ്-പിജി പ്രവേശന പരീക്ഷ മാറ്റിവച്ചു. പരീക്ഷയുടെ പുതിയ തീയതി എത്രയും വേഗം പ്രഖ്യാപിക്കും. ചില മത്സര പരീക്ഷകളുടെ സത്യസന്ധത സംബന്ധിച്ച് അടുത്തിടെ ഉയർന്നുവരുന്ന ആരോപണങ്ങൾ കണക്കിലെടുത്താണ് തീരുമാനമെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം അറിയിച്ചു.

മെഡിക്കൽ വിദ്യാർത്ഥികൾക്കായി നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ നടത്തുന്ന നീറ്റ്-പിജി പ്രവേശന പരീക്ഷയുടെ പ്രക്രിയ സംബന്ധിച്ച് സമഗ്രമായ വിലയിരുത്തൽ നടത്താൻ തീരുമാനിച്ചതായും മന്ത്രാലയം പറഞ്ഞു. പരീക്ഷാ പ്രക്രിയയുടെ പവിത്രത കാത്തുസൂക്ഷിക്കുന്നതിനും വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങൾ മുൻനിർത്തിയുമാണ് തീരുമാനമെന്ന് മന്ത്രാലയം അറിയിച്ചു.

✪✪✪

ഈ വർഷത്തെ നീറ്റ് -UG പരീക്ഷയിലെ ക്രമക്കേടുകൾ സമഗ്രമായി അന്വേഷിക്കുന്നതിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം CBI യ്ക്ക് വിട്ടു. പരീക്ഷകളുടെ പവിത്രത ഉറപ്പാക്കാനും വിദ്യാർത്ഥികളുടെ താൽപര്യം സംരക്ഷിക്കാനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ ഉൾപ്പെട്ടതായി കണ്ടെത്തിയാൽ കർശന നടപടി നേരിടേണ്ടിവരുമെന്ന് മന്ത്രാലയം ആവർത്തിച്ചു.

✪✪✪

നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട വിവാദങ്ങൾക്കിടെ നാഷണൽ ടെസ്റ്റിംഗ് ഏജൻസി ഡയറക്ടർ ജനറൽ സ്ഥാനത്തുനിന്ന് സുബോധ് കുമാർ

സിങ്ങിനെ മാറ്റി. ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ ചെയർമാനും MD-യുമായ പ്രദീപ് സിംഗ് ഖരോലയ്ക്ക് NTA ഡയറക്ടർ ജനറലിന്റെ അധിക ചുമതല നൽകി.

✪✪✪

ഈ വർഷത്തെ നീറ്റ് -UG പരീക്ഷയിൽ ക്രമക്കേട് നടത്തിയെന്നാരോപിച്ച് ജാർഖണ്ഡിലെ ദിയോഘർ ജില്ലയിൽ നിന്ന് ആറ് പേരെ ബീഹാർ പോലീസ് അറസ്റ്റ് ചെയ്തു. ബിഹാർ പോലീസിന്റെ സാമ്പത്തിക കുറ്റകൃത്യ വിഭാഗമാണ് കേസ് അന്വേഷിക്കുന്നത്.

✪✪✪

ഒ ആർ കേളു മന്ത്രിയായി ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. വൈകീട്ട് രാജ്ഭവനിൽ നടക്കുന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുക്കും. മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ, ക്ഷണിക്കപ്പെട്ട അതിഥികൾ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

✪✪✪

എല്ലാ ജീവനക്കാരുടെയും അർഹതപ്പെട്ട D.A നൽകുന്നതിന് നടപടികളിലേക്ക് ഗവൺമെന്റ് നീങ്ങുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. NGO യൂണിയൻ സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായ പൊതുസമ്മേളനം കോഴിക്കോട് ബീച്ചിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ക്ഷേമ പെൻഷനുകൾ എല്ലാ മാസവും കൃത്യമായ കൊടുക്കുകയെന്നതാണ് ഗവൺമെന്റിന്റെ നിലപാട്. ക്ഷേമപ്പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഭരണനിർവഹണത്തിൽ ജീവനക്കാർക്ക് പ്രധാന പങ്കുണ്ടെന്നും ആ ചുമതല കൃത്യമായി നിർവഹിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു. സിവിൽ സർവീസ് രംഗത്തെ അപചയങ്ങളെ ഗൗരവമായി കണ്ട് സർവീസ് സംഘടന ഇടപെടപ്പെടണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

✪✪✪

കോഴിക്കോടിനെ രാജ്യത്തെ ആദ്യ സാഹിത്യ നഗരമായി തെരഞ്ഞെടുത്തതിന്റെ പ്രഖ്യാപനം ഇന്ന് വൈകിട്ട് തളി ജൂബിലി ഹാളിൽ മന്ത്രി എം ബി രാജേഷ് നിർവഹിക്കും. ചടങ്ങിൽ കോർപ്പറേഷൻ വജ്ര ജൂബിലി പുരസ്കാരം എഴുത്തുകാരൻ എം ടി വാസുദേവൻ നായർക്ക് മന്ത്രി സമ്മാനിക്കും. സാഹിത്യ നഗരത്തിന്റെ

ലോഗോ പ്രകാശനവും വെബ് സൈറ്റ് ഉദ്ഘാടനവും മന്ത്രി പി എ മുഹമ്മദ് റിയാസ് നിർവഹിക്കും. സാഹിത്യ നഗര കേന്ദ്രത്തിന്റെ പ്രഖ്യാപനം കൈതപ്രം ദാമോദരൻ നമ്പൂതിരി നിർവഹിക്കും.

✪✪✪

സംസ്ഥാനത്ത് ബുധനാഴ്ച വരെ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

അതി തീവ്ര മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർക്കോട് ജില്ലകളിൽ ഓറഞ്ചു ജാഗ്രതയാണ്. മറ്റു ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്.

കേരള- കർണ്ണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. ഈ ദിവസങ്ങളിൽ മൽസ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ബംഗ്ലാദേശിനെ 50 റൺസിന് പരാജയപ്പെടുത്തി ഇന്ത്യ സെമിസാധ്യത നിലനിർത്തി. അഫ്ഗാനിസ്ഥാനും ഓസ്ട്രേലിയയും തമ്മിൽ ഇപ്പോൾ നടക്കുന്ന മത്സരത്തിൽ അഫ്ഗാനിസ്ഥാൻ തോറ്റാൽ ഇന്ത്യ സെമി ഉറപ്പാക്കും.

ആന്റിഗ്വയിൽ ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത 20 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 196 റൺസെടുത്തു. മറുപടി ബാറ്റിംഗിന് ഇറങ്ങിയ ബംഗ്ലാദേശിന് നിശ്ചിത ഓവറിൽ 8 വിക്കറ്റ് നഷ്ടത്തിൽ 146 റൺസെടുക്കാനെ കഴിഞ്ഞുള്ളൂ. ഇതോടെ ബംഗ്ലാദേശ് ടൂർൺമെന്റിൽ നിന്ന് പുറത്തായി.

സൂപ്പർ എട്ടിലെ രണ്ട് മത്സരങ്ങൾ ജയിച്ച് നാല് പോയിന്റ് നേടിയ ഇന്ത്യക്ക് നിലവിൽ +2.46 നെറ്റ് റൺറേറ്റുണ്ട്. അതിനാൽ അഫ്ഗാനിസ്ഥാൻ ഓസ്ട്രേലിയയോടും ബംഗ്ലാദേശിനോടും ജയിക്കുകയും, സൂപ്പർ എട്ടിൽ നാളെ നടക്കുന്ന മത്സരത്തിൽ ഓസ്ട്രേലിയ ഇന്ത്യയെ തോൽപ്പിക്കുകയും ചെയ്താൽ പോലും റൺ റേറ്റിന്റെ ആനുകൂല്യത്തിൽ ഇന്ത്യക്ക് സെമിയിലെത്താം.

അടുത്തയാഴ്ച ഗയാനയിലാണ് ഇന്ത്യയുടെ നോക്കൗട്ട് മത്സരം.

✪✪✪

ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിലെ സൂപ്പർ എട്ട് പോരാട്ടത്തിൽ ഓസ്ട്രേലിയക്ക് എതിരെ അഫ്ഗാനിസ്ഥാൻ ബാറ്റിംഗ് തുടങ്ങി. ടോസ് നേടിയ ഓസ്ട്രേലിയ അഫ്ഗാനിസ്ഥാനെ ബാറ്റിംഗിന് അയക്കുകയായിരുന്നു.

ഒടുവിൽ വിവരം ലഭിക്കുമ്പോൾ അഫ്ഗാനിസ്ഥാൻ 11.4 ഓവറിൽ വിക്കറ്റ് നഷ്ടപ്പെടാതെ 83 റൺസ് എടുത്തിട്ടുണ്ട്.

✪✪✪

ചമ്പക്കുളം മൂലം വള്ളംകളിയിൽ ആലപ്പുഴ ടൗൺ ബോട്ട് ക്ലബ് തുഴത്ത ആയാപറമ്പ് വലിയ ദിവാൻജി രാജ പ്രമുഖൻ ട്രോഫി കരസ്ഥമാക്കി. രണ്ടാം സ്ഥാനം നടുഭാഗം ബോട്ട് ക്ലബ് തുഴഞ്ഞ നടുഭാഗം ചുണ്ടനും, മൂന്നാം സ്ഥാനം ചമ്പക്കുളം ബോട്ട് ക്ലബ് തുഴഞ്ഞ ചമ്പക്കുളം ചുണ്ടനും നേടി.

✪✪✪

വയനാട് വന്യജീവി സങ്കേതത്തിലും മറ്റ് വനപ്രദേശങ്ങളിലും ജൈവവൈവിധ്യത്തിന് ഭീഷണിയായി മാറിയതും, വന്യജീവികൾക്ക് വിനാശകരവുമായ അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന മുറിച്ചുമാറ്റുന്നതിന് പൊതുമേഖലാ സ്ഥാപനമായ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് അനുവാദം നൽകി ഗവൺമെന്റ് ഉത്തരവായി. മഞ്ഞക്കൊന്ന പരീക്ഷണാടിസ്ഥാനത്തിൽ പൾപ്പ് വുഡായി എടുക്കാൻ തയ്യാറാണെന്ന് KPPL അറിയിച്ചിരുന്നു. നോർത്ത് വയനാട് ഡിവിഷന്റെ പരിധിയിൽ നിന്നും 5,000 മെട്രിക് ടൺ മഞ്ഞക്കൊന്ന നീക്കം ചെയ്യുന്നതിനാണ് അനുവാദം നൽകിയത്. മെട്രിക് ടണ്ണിന് 350 രൂപ നിരക്കിലാണ് ഇത് നൽകുന്നത്. ഈ തുക സ്വഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന് വിനിയോഗിക്കാനാണ് ഗവൺമെന്റ് തീരുമാനം.

വയനാട് വനമേഖലയിൽ 50 ഓളം ഹെക്ടറിലെ മഞ്ഞക്കൊന്ന മരങ്ങൾ ഇതിനകം നിർമ്മാർജ്ജനം ചെയ്തതായും 110 ഹെക്ടറോളം മഞ്ഞക്കൊന്ന മരങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനു പ്രാരംഭ നടപടികൾ സ്വീകരിച്ചതായും മന്ത്രി A.K ശശീന്ദ്രൻ അറിയിച്ചു.

✪✪✪

എറണാകുളം ബസ് സ്റ്റാൻഡിന്റെ ശോച്യാവസ്ഥ മന്ത്രി K.Bഗണേഷ് കുമാർ നേരിൽ സന്ദർശിച്ച് വിലയിരുത്തി. ബസ്റ്റാൻഡ് നിലം ഉയർത്തി എതിർവശത്തെ റെയിൽവേ ട്രാക്കിന് അടിയിലൂടെ വെള്ളം പുറത്തേക്ക് ഒഴുക്കാനാണ് ആലോചിക്കുന്നതെന്ന് മന്ത്രി പിന്നീട് മാധ്യമപ്രവർത്തകരോട് പറഞ്ഞു. നിലവിലെ ബസ്-സ്റ്റാൻഡ് കെട്ടിടം പൊളിക്കാതെ നിലനിർത്തി സംരക്ഷിക്കും. പുറത്തുള്ള തോട്ടിലെ വെള്ളം ബസ് സ്റ്റാൻഡിന് അകത്തേക്ക് കയറാതിരിക്കാൻ മതിൽ കെട്ടും.

പുതിയ ബസ് സ്റ്റാൻഡിനു വേണ്ടി വൈറ്റിലയിൽ ലഭ്യമാക്കിയിരിക്കുന്ന സ്ഥലം ചതുപ്പുനിറഞ്ഞതാണെന്നും അത് നികത്തി എടുക്കാൻ കോടിക്കണക്കിന് രൂപ വേണ്ടി വരുമെന്നു ഗണേഷ് കുമാർ പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ രക്ത ശേഖരണ രംഗത്ത് അത്യാധുനിക സാങ്കേതിക വിദ്യയോടെ പുതിയ സംവിധാനം വരുന്നതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. രക്തം ശേഖരിക്കുന്നത് മുതൽ ഒരാൾക്ക് നൽകുന്നത് വരെ നിരീക്ഷിക്കാൻ കഴിയുന്ന അത്യാധുനിക ബ്ലഡ് ബാഗ് ട്രേസബിലിറ്റി സംവിധാനമാണ് നടപ്പിലാക്കുന്നതെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു. വെയിൻ ടു വെയിൻ ട്രേസബിലിറ്റി സാങ്കേതികവിദ്യയാണ് ഇതിനായി ഉപയോഗിക്കുന്നത്. ട്രയൽ റൺ വിജയകരമായതിനെ തുടർന്ന് സംസ്ഥാനത്തെ 42 ഗവൺമെന്റ് ബ്ലഡ് ബാങ്കുകളിലും 57 ബ്ലഡ് സ്റ്റോറുകളിലും ഈ സംവിധാനം നടപ്പിലാക്കാൻ പരിശ്രമത്തിലാണ് ആരോഗ്യ വകുപ്പെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

T.P വധക്കേസ് പ്രതികൾക്ക് ശിക്ഷാ ഇളവ് നൽകുന്നതിന് സംസ്ഥാന ഗവൺമെന്റ് നടത്തുന്ന നീക്കം നിയമ വ്യവസ്ഥയോടു കാണിക്കുന്ന വെല്ലുവിളിയാണെന്ന് BJP സംസ്ഥാന അദ്ധ്യക്ഷൻ K.സുരേന്ദ്രൻ ആരോപിച്ചു. ഹൈക്കോടതി വിധി മറികടക്കാൻ ഗവൺമെന്റ് നടത്തുന്ന ശ്രമം ഭരണഘടനാവിരുദ്ധമാണെന്നും അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു. ലോക്സഭാ തിരഞ്ഞെടുപ്പിലെ തോൽവിയിൽ നിന്നും CPIM ഉം മുഖ്യമന്ത്രിയും ഒരു പാഠവും പഠിച്ചിട്ടില്ലെന്നതിന്റെ തെളിവാണിതെന്നും സുരേന്ദ്രൻ കുറ്റപ്പെടുത്തി.

✪✪✪

ന്യൂനപക്ഷ വിഭാഗങ്ങൾക്കായി കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ നടപ്പാക്കുന്ന ക്ഷേമ പദ്ധതികളെയും, സ്കോളർഷിപ്പുകളെയും കുറിച്ച് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് തന്നെ വേണ്ടത്ര അവബോധമില്ലെന്ന് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അംഗം P. റോസ പറഞ്ഞു. കോഴിക്കോട് ജില്ലാതല സെമിനാറിന്റെ ഭാഗമായി സംഘടിപ്പിച്ച 'ന്യൂനപക്ഷങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അവർ.

ന്യൂനപക്ഷ വിഭാഗം വിദ്യാർത്ഥികൾക്കായി നടത്തുന്ന PSC പരിശീലന കേന്ദ്രങ്ങളിൽ വേണ്ടത്ര വിദ്യാർഥികൾ എത്തുന്നില്ല എന്ന് അധ്യാപകർ പരാതിപ്പെടുന്നതായും റോസ പറഞ്ഞു. മിക്ക പദ്ധതികളിലും BPL വിഭാഗത്തിനാണ് മുൻഗണന. എന്നാൽ വേണ്ടത്ര ബിപിഎൽ അപേക്ഷകർ ഇല്ലെങ്കിൽ ന്യൂനപക്ഷ വിഭാഗത്തിലെ എപിഎൽ വിഭാഗത്തിന് അർഹത ലഭിക്കും. വിദ്യാർത്ഥികൾക്ക് മാത്രം 12 വിവിധ സ്കോളർഷിപ്പ് പദ്ധതികളുണ്ട്. ഇതിന് പുറമെ, വിധവകൾക്ക് ഭവന പുനരുദ്ധാരണ പദ്ധതി, പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം, വിവാഹപൂർവ കൗൺസിലിംഗ് എന്നിവയും നടപ്പാക്കുന്നുണ്ടെന്ന് അവർ അറിയിച്ചു.

✪✪✪